# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 297** — **07/08/2017-ൽ മറുപടിക്ക്**

## മരുന്നുകളുടെ വിലനിയന്ത്രണം

**ചോദ്യം**

**ശ്രീ.സി.എഫ്.തോമസ്**
**ഡോ.എൻ. ജയരാജ്**

**എ)** നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റിയുടെ വിലനിയന്ത്രണ പട്ടികയിലുള്ള മരുന്നുകൾക്ക് സംസ്ഥാനത്ത് മരുന്നു കമ്പനികൾ അമിത വില ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**ബി)** എങ്കിൽ ഇക്കാര്യത്തിൽ ഫലപ്രദമായ നടപടികൾ സ്വീകരിച്ച് രോഗികൾക്ക് നിയന്ത്രിത വിലയിൽ മരുന്നുകൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

**മറുപടി**

**ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**
(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി)

**എ) യും ബി) യും** ഉണ്ട്. നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റി നിശ്ചയിച്ചിട്ടുള്ള സീലിംഗ് പ്രൈസിനേക്കാൾ ഉയർന്ന വിലയിൽ മരുന്നുകൾ വിപണനം ചെയ്യുന്ന കമ്പനികൾക്കെതിരെ നടപടി സ്വീകരി-ക്കുന്നത് എൻ.പി.പി.എ നേരിട്ടാണ്. അധിക വില ഈടാക്കിയ മരുന്നു ബാച്ചുകളുടെ അധിക തുക കണക്കാക്കി കമ്പനികളെക്കൊണ്ട് തിരിച്ചടപ്പിക്കുന്ന നടപടിയാണ് എൻ.പി.പി.എ തുടർന്ന് വരുന്നത്. അമിതവില ഈടാക്കുന്നതിന് കമ്പനികൾക്കെതിരെ നടപടികൾ സ്വീകരിക്കാൻ സംസ്ഥാന സർക്കാരിന് അധികാരമില്ല. അമിതവില ഈടാക്കിയതു-മായി ബന്ധപ്പെട്ട് 2016 - ൽ പതിനഞ്ച് (15) മരുന്നുകളുടെയും 2017 ജൂലൈ 31 വരെ രണ്ട് (2) മരുന്നുകളുടെയും വിശദാംശങ്ങൾ ഡ്രഗ്സ് കൺട്രോൾ വകുപ്പ് അനന്തര നടപടികൾക്കായി നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മരുന്നുകളുടെ ലേബലുകളിൽ രേഖപ്പെടുത്തിയിട്ടുള്ള എം.ആർ.പി-യേക്കാൾ അധികവില ഈടാക്കുന്ന വ്യാപാരികൾക്കെതിരെ അവശ്യവസ്തു നിയമം അനുശാസിക്കുന്ന പ്രകാരമുള്ള നിയമ നടപടികളും ഡ്രഗ്സ് കൺട്രോൾ വകുപ്പ് സ്വീകരിച്ചുവരുന്നു. ഇപ്രകാരം 2014 മുതൽ 2017 വരെയുള്ള കാലയളവിൽ 10 സ്ഥാപനങ്ങൾക്കെതിരെ കേസുകൾ നിലവിലുണ്ട്.

സെക്ഷൻ ഓഫീസർ